**പതിമൂന്നാംകേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1166** — **14.06.2012 - ൽ മറുപടിക്ക്**

# പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾ

| ചോദ്യം<br>ശ്രീമതി പി. അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കെ. എസ്. റ്റി. പി. റോഡു നിർമ്മാണത്തിന്റെ ഭാഗമായി പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ എണ്ണം എത്രയാണ്; | (എ) 1198 എണ്ണം |
| (ബി) പ്രസ്തുത തെരുവുവിളക്കുകൾ കത്തിക്കുന്നതിന് നാളിതുവരെ ആരെ എങ്കിലും ചുമതല പ്പെടുത്തിയിട്ടുണ്ടോ; | (ബി) തെരുവു വിളക്കുകൾ കത്തിക്കുന്നതി നായി എം.സി.റോഡിലേയും, എ.സി.റോഡിലേയും 23 ഗ്രാമ പഞ്ചായത്തുകളേയും 4 മുനിസി പ്പാലിറ്റികളേയും ഒരു കോർപ്പറേഷ നേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത വിളക്കുകൾ നാളിതു വരെ പ്രകാശിപ്പിക്കാ തിരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (സി) തെരുവു വിളക്കുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയെങ്കിലും ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവുവിളക്കുകൾ കത്തിക്കുന്നതി നാവശ്യമായ ഫണ്ട് ഇല്ലാത്തതിനാലും കെ.എസ്.ഇ.ബി. ഉന്നയിച്ച സാങ്കേതിക കാരണങ്ങൾ പൂർത്തിയാ ക്കാൻ സാധിക്കാത്ത തിനാലും തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്ന തിന് സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിളക്കുകൾ അടിയന്തിരമായി പ്രകാശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | തെരുവുവിളക്കുകൾ അടിയന്തിരമായി കത്തിക്കുന്നതിന് കെ.എസ്.ഇ.ബി. ഉന്നയിച്ച ചില സാങ്കേതിക കാരണങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പന്തളം, വെട്ടിക്കവല, മാണിക്കൽ, നെല്ലനാട് ഗ്രാമപഞ്ചായത്തുകളും അടൂർ മുനിസിപ്പാലിറ്റിയും കെ.എസ്.ടി.പി. യോട് ഫിറ്റിംഗ്സ് വാങ്ങുന്നതിനായി തുക ആവശ്യപ്പെട്ടു. തെരുവു വിളക്കുകൾ കത്തിക്കുന്നതിനും ഫിറ്റിംഗ്സ് വാങ്ങുന്നതിനും ആവശ്യമായ തുക കെ.എസ്.ടി.പി. ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ പന്തളം ഗ്രാമപഞ്ചായത്തും അടൂർ നഗരസഭയും ലൈറ്റുകൾ കത്തിച്ചു. ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക ആവശ്യപ്പെട്ടിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ടി.പി. ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തുക നൽകുന്നതാണ്. |

Salitha

സെക്ഷൻ ഓഫീസർ